**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **04-02-2026 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ സംബന്ധിച്ച ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനായി 05/11/2020 തീയതിയിലെ സ.ഉ(എം.എസ്) നം.214/2020/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് ജെ. ബി കോശി അധ്യക്ഷനായും ഡോ.ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ് (റിട്ടയേർഡ്), ശ്രീ.ജേക്കബ് പുന്നൂസ് ഐ.പി.എസ് (റിട്ടയേർഡ്) എന്നിവർ അംഗങ്ങളായും ഒരു കമ്മീഷനെ നിയമിച്ച് ഉത്തരവായിരുന്നു.<br><br>ജസ്റ്റിസ് (റിട്ട) ജെ.ബി.കോശി കമ്മീഷൻ, പഠനം പൂർത്തിയാക്കി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പഠന റിപ്പോർട്ടിൽ 284 പ്രധാന ശിപാർശകളും 45 ഉപശിപാർശകളുമാണുള്ളത്. ടി പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി HOME-G2/110/2023-HOME നമ്പർ ഫയലിലെ ഉത്തരവ് പ്രകാരം ആഭ്യന്തര വകുപ്പിൽ നിന്നും ന്യൂനപക്ഷക്ഷേമ വകുപ്പിലേക്ക് റിപ്പോർട്ട് കൈമാറിയിരുന്നു. ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് 02.03.2024 ൽ സ.ഉ(ആർ.റ്റി)നം.993/2024/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന പ്രവർത്തനം ഏകോപിപ്പിക്കുന്നു.<br><br>ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ ശിപാർശകൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനായി ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.02.2025 നം , 6.01.2026 നം വകുപ്പുകളുടെ അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. ന്യൂനപക്ഷക്ഷേമ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിമാരുടെ യോഗം 09/01/2024, 29.05.2025 എന്നീ തീയതികളിലും ചീഫ് സെക്രട്ടറിതലത്തിൽ വകുപ്പ് സെക്രട്ടറിമാരുമായി 04.03.2024 , 17.04.2024, 27.06.2024, 27.12.2025, 11.11.2025 നം (5 തവണ) യോഗം ചേരുകയും ശിപാർശകളിന്മേൽ നടപടിയെടുക്കേണ്ട വകുപ്പുകളോട് അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ, ന്യൂനപക്ഷ ക്ഷേമ വകുപ്പ സെക്രട്ടറിതലത്തിലും യോഗം ചേർന്ന് നടപടികൾ അവലോകനം നടത്തുകയുമുണ്ടായി. റിപ്പോർട്ടിലെ ശിപാർശകൾ 37 വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ടവയാണ്. 17 വകുപ്പുകൾ ലഭ്യമായ ശിപാർശകൾ പൂർണ്ണമായും നടപ്പിലാക്കുകയും 20 വകുപ്പുകൾ അതത് വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകൾ ഭാഗികമായി നടപടി പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ പ്രാബല്യത്തിലുള്ള കേന്ദ്ര , സംസ്ഥാന നിയമങ്ങൾ / ചട്ടങ്ങൾ, കോടതി ഉത്തരവുകൾ എന്നിവയിൽ മാറ്റം വരുത്തിയാലോ മറ്റ വകുപ്പുകളിൽ നിന്നും സമ്മതപത്രം ലഭ്യമാക്കിയാലോ, സാമ്പത്തിക ബാധ്യതയുണ്ടാകുന്നപക്ഷം ആയത് പരിഹരിക്കുന്നതിന് ഫണ്ട് വകയിരുത്തുകയോ ചെയ്യേണ്ടതായ ശിപാർശകൾ മാത്രമാണ് നടപ്പിലാക്കാൻ ബാക്കി നിൽക്കുന്നത്. റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് 06.01.2026 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.<br><br>ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കേണ്ടുന്ന ശിപാർശകൾ നാല്പത് എണ്ണമാണ് (40). ഇതിൽ 33 എണ്ണം നടപ്പിലാക്കി കഴിഞ്ഞു. മറ്റ വകുപ്പുകളിൽ നടപ്പിലാക്കിയ ശിപാർശകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ജെ.ബി. കോശി കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രധാന ശിപാർശകൾ ചുവടെ പറയും പ്രകാരമാണ്. |

നോട്ടിഫൈ ചെയ്ത 6 ന്യൂനപക്ഷമത വിഭാഗങ്ങൾക്കും ജനസംഖ്യാനുപാതികമായി ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ട്. 1 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട 1 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ മാർഗ്ഗദീപം സ്കോളർഷിപ്പ് നൽകുന്നു. മൗലാനാ ആസാദ് റിസർച്ച് ഫെലോഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ 2025- 26 വർഷം ന്യൂനപക്ഷവിഭാഗത്തിലെ ഗവേഷകർക്കായി ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് എന്ന പുതിയ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് കോട്ടയം, ആലപ്പുഴ, കോഴിക്കോട്, എന്നിവിടങ്ങളിൽ പുതിയ റീജിയണൽ ഓഫീസുകളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019-ലെ കേരള മദ്രസ്സ അധ്യപക ക്ഷേമനിധി നിയമം പോലെയുള്ള ഒരു നിയമം സൺഡേസ്കൂൾ /വേദപഠനം/മതബോധനം നടത്തുന്ന അധ്യാപകർക്കുവേണ്ടി നടപ്പിലാക്കുന്ന വിഷയത്തിൽ വിവിധ ക്രൈസ്തവ മത പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കന്യാസ്ത്രീ മഠങ്ങൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ കാർഡ് ഏതാനും ജില്ലകളിൽ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. സന്യസ്തർക്ക് വ്യക്തിപരമായി അനുവദിച്ച റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് നേരിട്ടുകൊണ്ടിരിക്കുന്ന തടസങ്ങൾ നീക്കുന്നതുമായി ബന്ധപ്പെട്ട് വെൽഫെയർ സ്കീമിൽ ഉൾപ്പെടാത്ത ആശ്രമങ്ങൾ, മഠങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക വിഭാഗത്തിൽപ്പെട്ട (NPI) റേഷൻകാർഡ് അനുവദിക്കുന്നതിന് 04.02.2021 -ലെ 6/2021/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായതനുസരിച്ച് നാളിതുവരെ ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് 28408 NPI കാർഡുകൾ അനുവദിച്ചിട്ടുണ്ട്. NPI കാർഡ് അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. കെയർഹോമിലെ അന്തേവാസികൾക്ക് റേഷൻകാർഡ് നൽകുന്നതിനായി, ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പോയി നേരിട്ട് അന്വേഷണം നടത്തി റേഷൻകാർഡ് ആവശ്യമെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കാനും വെൽഫെയർ പെർമിറ്റിന് അർഹതപ്പെട്ട സ്ഥാപനമാണെങ്കിൽ പെർമിറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനും താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി വിഭാഗം കുട്ടികളുടെ ഉന്നമനത്തിനായി വിദ്യാതീരം പദ്ധതി വഴി ഫിഷറീസ് വകുപ്പ് മെഡിക്കൽ എൻട്രൻസ് *NIT* / IIT പരീക്ഷകൾക്കുള്ള പരിശീലനം സിവിൽ സർവ്വീസ് പരീക്ഷ പരിശിലീനം എന്നിവയ്ക്കായി എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്കായി തുക അനുവദിച്ച് നൽകി വർഷാവർഷം പരിശീലനം നടത്തുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക സാഹചര്യം മോശമായ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് തീരദേശ ലൈബ്രറികൾ കേന്ദ്രീകരിച്ച് വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രതിഭാതീരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൊല്ലം ചവറ കോവിൽത്തോട്ടം തീരസംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് Bathemetry survey നടത്തുകയും എൻസിസിആർ മുഖാന്തിരം നടത്തിയ പഠനത്തിന്റെ പ്രാരംഭ റിപ്പോർട്ട് ലഭിച്ചിട്ടുമുണ്ട്. തീരദേശ പ്രദേശങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 82.39 കോടി രൂപയുടെ 105 ഓളം കുടിവെള്ള പദ്ധതികൾ KSCADC പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്.

സൈക്കോ സോഷ്യൽ സ്ഥാപനങ്ങളിൽ മാനസിക രോഗികളും മാനസിക വൈകല്യമുള്ളവരുമായ അന്തേവാസികളാണ് ഉള്ളത്.ഇവർക്ക് ആധാർകാർഡ് ,ജനനതീയതി മുതലായവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ നൽകുന്നതിന് നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ ക്യാൻസർ രോഗികൾക്കായി നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെയും ആർ. ബി എസ് കെ പദ്ധതിയുടെയും സഹായ പദ്ധതികൾ നിലവിലുണ്ട്. ആർദ്രം പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ചെല്ലാനം, പള്ളിത്തോട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

ഹയർസെക്കന്ററി സ്കൂളുകളിലും കോളേജുകളിലും അഡീഷണൽ സീറ്റുകളും അനുവദിക്കുമ്പോൾ നിലവിലുള്ള സംവരണ തത്വം അഡീഷണൽ ആയി അനുവദിക്കുന്ന സീറ്റുകളിലും പിൻതുടർന്നു വരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ EWS വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 10 % സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രസഹായത്തോടെപൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ചിരുന്ന വിവിധ സ്കോളർഷിപ്പുകൾ പുന: സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാതാപിതാക്കൾ മരിച്ചുപോയതോ നഷ്ടപ്പെട്ടതോ ആയ കുട്ടികൾക്ക് വേണ്ടി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ക്രൈസ്തവ സഭാസ്ഥാപനങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ വിമുക്തിമിഷന്റെ സാമ്പത്തികേതര സഹകരണം നൽകി വരുന്നുണ്ട്.

ക്രൈസ്തവവിശ്വാസം , ആചാരങ്ങൾ, നേതൃത്വത്തെ അവഹേളിക്കുന്ന ചലച്ചിത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ചിത്രങ്ങൾ, എഴുത്തുകൾ എന്നിവക്കെതിരെ രേഖാമൂലം പരാതി ലഭിക്കുന്ന പക്ഷം ഇവക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. നിർബന്ധിത മതപരിവർത്തനം സംബന്ധിച്ച കർശന നിരീക്ഷണം പോലീസ് തുടരുന്നതും ഇതുമായി ബന്ധപ്പെട്ട പരാതികളിൽ കർശന നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

ഫോർട്ടുകൊച്ചി-ആലപ്പുഴ മെഡിക്കൽ കോളേജ് തീരദേശ ഹൈവേ യഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ - 6500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയുള്ള തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്നതാണ്. എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി മുതൽ ആലപ്പുഴ മെഡിക്കൽ കോളേജ് വരെയുള്ള ഭാഗം. ഇതിൽ എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി മുതൽ ആലപ്പുഴ ജില്ലയിലെ സൗത്ത് ചെല്ലാനം വരെയുള്ള 21.3 കിലോമീറ്റർ ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതിനുള്ള കല്ലുകൾ സ്ഥാപിച്ച് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹിക ആഘാത പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ സൗത്ത് ചെല്ലാനം മുതൽ ആലപ്പുഴ ബീച്ച് വരെയുള്ള 31 കി.മീ. ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതിനുള്ള കല്ലുകൾ സ്ഥാപിച്ച് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്ന, ആലപ്പുഴ ബീച്ച് മുതൽ പായൽക്കുളങ്ങര വരെയുള്ള 15 കിലോമീറ്റർ ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതിനുള്ള എൽ.എ പ്ലാൻ, നാറ്റ് പാക്ക് തയ്യാറാക്കിയിട്ടുണ്ട്. എറണാകുളം-ആലപ്പുഴ തീരദേശ റെയിൽവേ ലൈനിൽ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാന ജലപാതകൾ ജലഗതാഗതത്തിന് അനുയോജ്യമായ തരത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ വകുപ്പിലെ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കുട്ടനാട്ടിലെ ജലപാതകളിലെ പോളവാരൽ, എക്കലും ചെളിയും നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ ചെയ്ത് വരുന്നുണ്ട്. കേരളത്തിലെ വിജ്ഞാപനം ചെയ്യപ്പെട്ട തണ്ണീർത്തടങ്ങളാണ് അഷ്ടമുടി, ശാസ്താംകോട്ട, വേമ്പനാട് തണ്ണീർത്തടങ്ങൾ. 2017-ലെ തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം ഇവയുടെ സംരക്ഷണത്തിനുതകുന്ന പദ്ധതികൾ സംസ്ഥാന തണ്ണീർത്തട അതോറിറ്റി നടപ്പിലാക്കുന്നുണ്ട്.

ജെ.ബി.കോശി കമ്മീഷൻ ഇതുവരെ നടപ്പാക്കിയ കാര്യങ്ങളെ സംബന്ധിച്ചും തുടർന്ന് നടപ്പാക്കുന്നതിന് കമ്മീഷൻ വിശദാംശങ്ങൾ സംബന്ധിച്ചും ബഹു.മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ മതനേതാക്കൻമാരുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**<u>അനുബന്ധം</u>**

| **ക്രമ നമ്പർ** | **വകുപ്പ്** | **നടപ്പാക്കേണ്ടുന്ന നിർദ്ദേശങ്ങൾ** | **നടപ്പാക്കിയ** |
|---|---|---|---|
| 1 | റവന്യൂ വകുപ്പ് | 47 | 14 |
| 2 | പിന്നാക്ക വിഭാഗ വികസന വകുപ്പ് | 26 | 1 |
| 3 | ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് | 15 | 3 |
| 4 | ജലവിഭവ വകുപ്പ് | 18 | 7 |
| 5 | തദ്ദേശസ്വയംഭരണ വകുപ്പ് | 55 | 10 |

| | | | | | | |
|---|---|---|---|---|---|---|
| | | | 6 | പൊതുവിദ്യാഭ്യാസ വകുപ്പ് | 42 | 12 |
| | | | 7 | പൊതുഭരണ(കോർഡിനേഷൻ)<br><br>പൊതുഭരണ(സർവ്വീസസ് ഡി) വകുപ്പ് | 11 | 5 |
| | | | 8 | മത്സ്യബന്ധന വകുപ്പ് | 64 | 50 |
| | | | 9 | ആരോഗ്യകുടുംബ ക്ഷേമ വകുപ്പ | 35 | 4 |
| | | | 10 | കൃഷി വകുപ്പ് | 25 | 14 |
| | | | 11 | വനം വന്യജീവി വകുപ്പ് | 18 | 6 |
| | | | 12 | പരിസ്ഥിതി വകുപ്പ് | 6 | 3 |
| | | | 13 | സഹകരണ വകുപ്പ് | 13 | 4 |
| | | | 14 | സാമൂഹ്യ നിതി വകുപ്പ് | 11 | 2 |
| | | | 15 | സയൻസ് & ടെക്നോളജി വകുപ്പ് | 2 | 0 |
| | | | 16 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 50 | 25 |
| | | | 17 | വിനോദസഞ്ചാര വകുപ്പ് | 5 | 2 |
| | | | 18 | കായിക യുവജനകാര്യ വകുപ്പ് | 1 | 0 |
| | | | 19 | സാംസ്കാരികകാര്യ വകുപ്പ് | 6 | 1 |
| | | | 20 | നിയമ വകുപ്പ് | 2 | 1 |
| | | | 21 | ഊർജ്ജ വകുപ്പ് | 2 | 0 |
| | | | 22 | നികുതി(എക്സൈസ്) വകുപ്പ് | 1 | 1 |
| | | | 23 | പൊതുമരാമത്ത് വകുപ്പ് | 2 | 2 |
| | | | 24 | മൃഗസംരക്ഷണ വകുപ്പ് | 2 | 2 |
| | | | 25 | തുറമുഖ വകുപ്പ് | 1 | 1 |
| | | | 26 | ധനകാര്യ വകുപ്പ് | 11 | 0 |
| | | | 27 | വനിതാ ശിശുവികസന വകുപ്പ് | 3 | 0 |
| | | | 28 | ആഭ്യന്തര വകുപ്പ് | 6 | 4 |
| | | | 29 | തൊഴിലും നൈപുണ്യവും വകുപ്പ് | 10 | 6 |
| | | | 30 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് | 2 | 1 |
| | | | 31 | ഭക്ഷ്യ പൊതുവിതരണ വകുപ്പ് | 4 | 3 |
| | | | 32 | വ്യവസായ വകുപ്പ് | 3 | 2 |
| | | | 33 | പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് | 2 | 0 |
| | | | 34 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 1 | 0 |
| | | | 35 | ആയുഷ് വകുപ്പ് | 1 | 1 |
| | | | 36 | ന്യൂനപക്ഷക്ഷേമ വകുപ്പ് | 40 | 32 |
| | | | 37 | ദുരന്തനിവാരണ വകുപ്പ് | 13 | 9 |
| | | | | Total | | 261 |

സെക്ഷൻ ഓഫീസർ